# ജനാബ് അബ്ദുസ്സലാം സുല്ലമി:
# അന്നും ഇന്നും

## അബ്ദുസ്സലാം സുല്ലമി വിമർശന വിധേയനായിരുന്നില്ലെന്നൊ?

"മുജാഹിദ് പ്രസ്ഥാനത്തിലെ പിളർപ്പിൽ ആദർശപരമോ സംഘടനാപരമോ ആയ ചർച്ചയിൽ സലാം സുല്ലമിയുടെ ഒരു പുസ്തകമൊ പ്രസംഗമൊ പുസ്തകത്തിലെ ഒരു ഉദ്ധരണിയൊ ഒരു വരിയൊ വിമർശന വിധേയമായിട്ടില്ല. രണ്ട് കൂട്ടരുടേയും പ്രബന്ധങ്ങൾ പരിശോധിക്കുക"

ദമ്മാമിലെ പ്രധാനപ്പെട്ട ഒരു പണ്ഡിതന്റെ മേൽനോട്ടത്തിലെഴുതിയ "അബ്ദുസ്സലാം സുല്ലമിയും ഇസ്‌ലാഹീ പ്രസ്ഥാനവും" എന്ന കുറിപ്പ് ആരംഭിക്കുന്നത് മേൽ വാചകം കൊണ്ടാണ്.

ഒരു നിഷ്കളങ്ക ചോദ്യം കൊണ്ട് തുടങ്ങട്ടെ മറുപടി.

ജനാബ് അബ്ദുസ്സലാം സുല്ലമിയുടെ ഗുരുതരമായ ആദർശവൈകല്യങ്ങളെ മുജാഹിദുകൾക്ക് വിമർശിക്കണമെങ്കിൽ ആദർശപരമോ സംഘടനാപരമോ ആയ ചർച്ചയിൽ സലാം സുല്ലമിയുടെ ഏതെങ്കിലും പുസ്തകമൊ പ്രസംഗമൊ പുസ്തകത്തിലെ ഒരു ഉദ്ധരണിയൊ ഒരു വരിയൊ വിമർശന വിധേയമായിരിക്കണം എന്ന നിബന്ധന പാലിക്കപ്പെടേണ്ടതുണ്ടൊ?

അങ്ങനെയാകാൻ തരമില്ല. എന്തു കൊണ്ടെന്നാൽ അന്നത്തെ ചർച്ചകളിലെവിടെയും പരാമർശിക്കപ്പെട്ടിട്ടില്ലാത്ത കെ.എൻ.എമ്മിലെ എത്രയോ വ്യക്തികളെ മടവൂർ വിഭാഗത്തിലെ പ്രസംഗകന്മാരും അല്ലാത്തവരും വിമർശിച്ചു കൊണ്ടിരിക്കുന്നുണ്ട്.

നമുക്ക് വിഷയത്തിലേക്ക് വരാം. രണ്ട് കൂട്ടരുടേയും പ്രബന്ധങ്ങൾ പരിശോധിക്കുവാനാണ് സഹോദരൻ ആവശ്യപ്പെട്ടത്. വഴിപിരിവിന്റെ നാളുകൾക്കു മുമ്പു നടന്ന ചർച്ചകളിലൊന്നും തന്റെ പേരോ, പുസ്തകങ്ങളൊ പരാമർശിക്കപ്പെട്ടിട്ടേയില്ല എന്ന സലാം സുല്ലമിയുടെ സ്ഥിരംവാദത്തെ വിശ്വാസത്തിലെടുത്തായിരിക്കാം സഹോദരൻ ഇങ്ങനെയൊരാവശ്യം ഉന്നയിച്ചത്.

സത്യത്തിൽ കുറിപ്പിന്റെ തുടക്കത്തിൽ സഹോദരൻ പറഞ്ഞ കാര്യം അവാസ്തവമാണ്. ആദർശപരവും സംഘടനാപരവുമായ ചർച്ചകളിൽ ജനാബ് അബ്ദുസ്സലാം സുല്ലമിയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും വിമർശിക്കപ്പെട്ടിട്ടുണ്ട്. കെ. എൻ. എം. കോർഡിനേഷൻ വകുപ്പ് 23.5.2001ന് മുജാഹിദ് സെന്ററിൽ വിളിച്ചു ചേർത്ത യോഗത്തിൽ, 16.05.2001 ന് അബ്ദുസ്സലാം സുല്ലമി എഴുതി ഒപ്പു വെച്ച് വ്യതിയാനക്കാർ അവതരിപ്പിച്ച പ്രബന്ധത്തിനുള്ള മറുപടിയിൽ ഇങ്ങനെ വായിക്കാം:

> വ്യതിയാനക്കാരുടെ പ്രബന്ധത്തിൽ ഒപ്പുവെച്ച വ്യക്തി അദ്ദേഹത്തിന്റെ ഇസ്‌ലാമിലെ അനുഷ്ഠാന മുറകൾ എന്ന ഗ്രന്ഥത്തിൽ മുഅല്ലഫത്തുൽ ഖുലൂബ് എന്നതിന് അർത്ഥം നൽകിയത് ഹൃദയം അനുരഞ്ജിപ്പിക്കപ്പെടേണ്ടവർ എന്നാണ്. അപ്പോൾ മുഅല്ലഫത്തുൽ ഖുലൂബിന് എന്തു പ്രസക്തി? അവിശ്വാസികളെന്നു പറഞ്ഞാൽ പോരേ? ഹൃദയം അനുരഞ്ജിപ്പിക്കപ്പെടേണ്ടതില്ലാത്ത ഒരു അവിശ്വാസിയുമില്ലല്ലോ? ഇസ്‌ലാമിക പ്രമാണങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിലുള്ള ഇത്തരം കഴിവുകേടുകൾ വ്യതിയാനങ്ങൾ അല്ലെങ്കിൽ പോലും ഗുരുതരമായ പ്രത്യാഘാതങ്ങളാണ് സമൂഹത്തിൽ സൃഷ്ടിക്കുന്നത്.

لواستقبلت من أمري ما استدبرت എന്നതിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയാത്തതിനാലാണ് നബി(സ്വ)യെ മയ്യിത്ത് കുളിപ്പിച്ചത് അവിടുത്തെ ഭാര്യമാരായിരുന്നു എന്ന് എഴുതിയത്. അതു പോലെ, ഹിജ്ർ, ഹജർ എന്നീ പദങ്ങൾ തമ്മിലുള്ള വ്യത്യാസം പിടികിട്ടാതെ അബദ്ധം വരുത്തിയത് നൂറുൽയകീനിന്റെ പരിഭാഷയിലുണ്ട്. وإلى الأمر എന്നതിന്റെ അർത്ഥം മനസ്സിലാകാത്തതു കൊണ്ട് അത് പരിഭാഷപ്പെടുത്താതെ വിടുകയാണ് ശാഫിഈ മദ്ഹബിനെക്കുറിച്ചുള്ള ഗ്രന്ഥത്തിൽ ചെയ്തിരിക്കുന്നത്. ഒരു വാക്യം ഉദ്ധരിക്കുമ്പോൾ പാലിക്കേണ്ട സാമാന്യമായ മര്യാദ പോലും ഇദ്ദേഹത്തിന് അറിയാത്തതു കൊണ്ടുണ്ടായ പ്രത്യാഘാതം വലുതായിരുന്നു. അത് സംഘടനക്കുണ്ടാക്കിയ പേരുദോഷവും ഒരു മുജാഹിദ് പ്രവർത്തകൻ സുന്നിയാകേണ്ടി വന്നതും സുവിദിതമാണല്ലോ? ഇതു പോലുള്ള നിരവധി കാര്യങ്ങളുണ്ട്. (പ്രബന്ധം: പേജ്: 9, 10 – 23/05/2001)

ജനാബ് അബ്ദുസ്സലാം സുല്ലമിയെ സംബന്ധിച്ച ഇത്രയും കൃത്യമായ വിമർശനം പ്രബന്ധത്തിൽ നിന്ന് എടുത്തുദ്ധരിക്കാൻ ഇടവരുത്തിയത് സഹോദരൻ തന്നെയാണ്. പഴയതെടുത്തുദ്ധരിച്ച് സുല്ലമിയെ വ്യക്തി പരമായി ഇകഴ്താനല്ല, മറിച്ച് സഹോദരന്റെ കുറിപ്പിലെ അവാസ്തവം വായനക്കാരെ ബോധ്യപ്പെടുത്താനാണ് ഇത് കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

എന്റെ ആദ്യ ലേഖനത്തിൽ സൂചിപ്പിച്ചതു പോലെ, ചില വസ്തുതകൾ യഥാവിധി, യഥാസമയം സഹോദരങ്ങളെ അറിയിച്ചില്ലെങ്കിൽ സന്ദേഹങ്ങൾ ബാക്കി നിൽക്കും.

## അബ്ദുസ്സലാം സുല്ലമിയുടെ ആദർശം അന്നും ഇന്നും

കുറിപ്പിലെ സുപ്രധാനമായ മറ്റൊന്ന്: പിളർപ്പിനു മുമ്പില്ലാത്ത എന്ത് പുതിയ ആദർശവും വ്യതിയാനവുമാണ് ജനാബ് അബ്ദുസ്സലാം സുല്ലമിക്ക്, അദ്ദേഹത്തെ വിമർശിക്കാൻ മാത്രം ഇപ്പോഴുള്ളത്, എന്നതാണ്.

ശരിയാണ്. അന്നില്ലാത്തതൊന്നും അദ്ദേഹത്തിന്റെ വീക്ഷണങ്ങളിൽ ഇന്നില്ല. എന്നല്ല, അന്നുള്ളവക്ക് ഇന്ന് കൂടുതൽ കൊമ്പുകളും ചില്ലകളും വന്നിട്ടുണ്ട്താനും. യാതൊരുവിധ കടിഞ്ഞാണുമില്ലാതെ തന്റെ വികലമായ ആദർശങ്ങൾ ജനങ്ങൾക്കു മുമ്പാകെ പരിഹാസദ്യോതകമാം വിധം അവതരിപ്പിക്കാൻ ജനാബ് അബ്ദുസ്സലാം സുല്ലമി തുടങ്ങിയത് പെട്ടെന്നൊരന്തരീക്ഷത്തിലായിരിക്കാൻ സാധ്യതയില്ല എന്ന് ഈ ലേഖകനും സമ്മതിക്കുന്നു. ഒരു കൂട്ടം ആളുകളോടൊപ്പം പിരിഞ്ഞു പോകുന്നതിനു മുമ്പുള്ള അദ്ദേഹത്തിന്റെ രചനകളിൽ അവ സൂചനകളായി നമുക്ക് കാണാനും സാധിക്കും.

**2002ന് മുമ്പുള്ള അബ്ദുസ്സലാം സുല്ലമിയെ പരിശോധിച്ചു നോക്കുക. 2002 ന് മുമ്പ്:**

- പ്രവാചക ഹദീസുകൾക്കെതിരിൽ ഇത്രമേലുച്ചത്തിൽ അദ്ദേഹം സംസാരിച്ചിരുന്നില്ല,
- താനംഗീകരിക്കാത്ത സ്വഹീഹായ ഹദീസുകൾ പൊതുജനമധ്യത്തിലുദ്ധരിച്ച് പച്ചയായി പരിഹസിച്ചിരുന്നില്ല.
- ശ്രോതാക്കളിൽ ചിരിപടർത്തുന്ന ആക്ഷേപവാക്കുകൾ കൊണ്ട് പ്രവാചക വചനങ്ങളേയും പണ്ഡിതാഭിപ്രായങ്ങളേയും നിന്ദിച്ചിരുന്നില്ല.
- സിഹ്റിന്റേയും ജിന്നിന്റേയും വിഷയങ്ങളിൽ തന്റെ വീക്ഷണങ്ങളോട് നൂറു ശതമാനം ഭിന്നത പുലർത്തുന്ന തന്റെ ഒരു സഹപ്രവർത്തകനേയും നവഖുറാഫീ, നവയാഥാസ്ഥിതികൻ എന്ന പേര് വിളിച്ചിരുന്നില്ല.
- ജിന്നിന്റേയും സിഹ്റിന്റേയും വീക്ഷണവിത്യാസത്തിന്റെ പേരിൽ ഒരു മുജാഹിദ് പണ്ഡിതനെപ്പററിയും ശിർക്ക് ചെയ്യുന്നവൻ എന്ന ആരോപണം ഒരൊററ ഖുറാഫീ പത്രത്തിനും അദ്ദേഹം നൽകിയിരുന്നില്ല.

**അതെ, അന്നത്തെ അബ്ദുസ്സലാം സുല്ലമിയല്ല ഇന്നത്തെ അബ്ദുസ്സലാം സുല്ലമി!!! ഇന്ന് അദ്ദേഹം വല്ലാതെ മാറിപ്പോയിരിക്കുന്നു!!! അദ്ദേഹത്തിന്റെ ശീലങ്ങളും സമീപനങ്ങളും പിടിവിട്ട നിലയിലാണിന്ന്!!!**

കാരണമെന്തായിരിക്കാം? മറെറാന്നുമല്ല. അന്ന് ജനാബ് അബ്ദുസ്സലാം സുല്ലമിയെ തിരുത്താൻ, നിയന്ത്രിക്കാൻ ആദർശബോധമുള്ള, കരുത്തുററ ഒരു നേതൃത്വമുണ്ടായിരുന്നു. അദ്ദേഹം അവരെ കേട്ടു. അനുസരിച്ചു.

ഇന്നങ്ങനെയാണൊ? അലകും പിടിയുമില്ലാത്ത ഒരു പ്രസ്ഥാനത്തിൽ ഏകദേശം ഒററയാനെപ്പോലെയാണ് ബഹുമാന്യനായ അബ്ദുസ്സലാം സുല്ലമി. അദ്ദേഹം അങ്ങനെ ആകുമായിരുന്നില്ല. ചിലരദ്ദേഹത്തെ അങ്ങനെ ആക്കുകയായിരുന്നു. ഇന്നിപ്പോൾ അവരുടെ പിടിയിലും ഒതുങ്ങാത്ത വിധം അദ്ദേഹം പരിണമിച്ചു കഴിഞ്ഞു. അദ്ദേഹത്തിന്റെ പരിഹാസങ്ങൾക്കൊപ്പം ചിരിക്കാനും, ഗോഷ്ഠികൾക്കൊപ്പം കയ്യടിക്കാനും മാത്രമേ ഇന്നവർക്കാവുന്നുള്ളൂ.

എന്നാൽ ആദർശനിഷ്ഠയും, ഖുർആനിനോടും തിരുസുന്നത്തിനോടും കലവറയില്ലാത്ത സ്നേഹവുമുള്ള മുജാഹിദുകൾക്ക് ഇത് കണ്ടിരിക്കാൻ കഴിയില്ല. അദ്ദേഹത്തിന്റെ ആശയവൈകല്യങ്ങളിൽ നിന്ന് സത്യവിശ്വാസികളെ സംരക്ഷിക്കേണ്ടത് ബാധ്യതയായി കാണുന്ന അവർ ജനാബ് അബ്ദുസ്സലാം സുല്ലമിയെ, അല്ല, അദ്ദേഹത്തിന്റെ സകല വികല വീക്ഷണങ്ങളേയും വിമർശിക്കുകയാണ്. ഇനിയുമത് തുടരും. ആ വിമർശനങ്ങളിലെ ഗുണകാംക്ഷ കണ്ടറിയാത്തതു കൊണ്ടാണ്, അദ്ദേഹത്തെ മുജാഹിദുകൾ കടിച്ചു കുടയുകയാണ് എന്നും മററും സഹോദരൻ ആവലാതിപ്പെടുന്നത്.

## അബ്ദുസ്സലാം സുല്ലമിയെ ക്ഷണിക്കുന്നതെന്തു കൊണ്ട്?

സഹോദരന്റെ കുറിപ്പിൽ മറെറാരു വിഷയം കൂടിയുണ്ട്: തങ്ങളുടെ ചേരിയിലേക്ക് ജനാബ് അബ്ദുസ്സലാം സുല്ലമിയെ ക്ഷണിച്ചുവെന്നും, അദ്ദേഹത്തെ കിട്ടാതായപ്പോഴാണ് ക്ഷണിച്ചവർ തന്നെ അദ്ദേഹത്തെ നിശിതമായി വിമർശിക്കുന്നത് എന്നുമാണ് ആ വിഷയം.

ബഹുമാന്യനായ അബ്ദുസ്സലാം സുല്ലമിയെ ഔദ്യോഗിക പക്ഷത്തേക്ക് ക്ഷണിച്ചിരുന്നോ ഇല്ലെയോ എന്ന് ഈ ലേഖകനറിഞ്ഞു കൂട. അങ്ങനെ ക്ഷണിച്ചിട്ടുണ്ടെങ്കിൽ ഇസ്ലാമികമായ സുന്നത്താണ് അദ്ദേഹത്തെ ക്ഷണിച്ചവർ പാലിച്ചിട്ടുള്ളത്. I.S.M കേന്ദ്രനേതൃനിരയിലെ 35 പേർക്കെതിരെ ആദർശവിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ അച്ചടക്കനടപടി സ്വീകരിച്ചപ്പോഴും **നിങ്ങൾ തെററുതിരുത്തി വരിക, ഞങ്ങൾ അനുഭാവപൂർവം പരിഗണിക്കാം** എന്ന് നല്ല വാക്ക് പറഞ്ഞവരാണ് മുജാഹിദ് നേതൃത്വം. 2000ൽ K.N.M നെ അറിയിക്കാതെ യുവഘടകത്തെ സ്വതന്ത്രമായി രജിസ്ററർ ചെയ്ത് വഞ്ചന നടത്തിയ അന്നത്തെ I.S.Mകാരേക്കാൾ എത്രയോ മുന്നിൽ നിൽക്കുന്ന ബഹുമാന്യനായ അബ്ദുസ്സലാം സുല്ലമിയെ അനുഭാവപൂർവം പരിഗണിക്കാതിരിക്കാൻ മുജാഹിദുകൾക്ക് കഴിയുമൊ? ആ നിലക്ക് അദ്ദേഹത്തെ ക്ഷണിച്ചിട്ടുണ്ടെങ്കിൽ അത് അപരാധമാകുന്നത് എങ്ങനെ?

എത്രയെത്ര സുന്നീ, ജമാഅത്തു പണ്ഡിതരേയും പ്രവർത്തകരേയുമാണ് നാമിപ്പോഴും ഈ തൗഹീദീ നിരയിലേക്ക് ക്ഷണിച്ചു കൊണ്ടിരിക്കുന്നത്. ചിലരൊക്കെ ആ ക്ഷണം കേട്ട് മുജാഹിദുകളോടൊപ്പം പോരുന്നു. അധികപേരും ക്ഷണം നിരസിച്ച് അവിടെത്തന്നെ കഴിയുന്നു. ഒരിക്കൽ നമ്മളവരെ ക്ഷണിച്ചു എന്നതിനാൽ പ്രസ്തുത പണ്ഡിതന്മാരുടെ ആദർശവൈകല്യങ്ങളെ വിമർശിക്കരുത് എന്നുണ്ടൊ? വീണ്ടും അവരെ തൗഹീദീനിരയിലേക്ക് ക്ഷണിക്കരുത് എന്നുണ്ടൊ?

അപ്പോൾ സംഗതി വ്യക്തമാണ്. **മുമ്പും ഇപ്പോഴുമുള്ള ആദർശവ്യതിയാനങ്ങളെ മാററിവെച്ച്** തൗഹീദിന്റെ ശബ്ദം ഉയർത്തിപ്പിടിക്കാൻ ഇനിയും ഞങ്ങൾ ബഹുമാന്യനായ അബ്ദുസ്സലാം സുല്ലമിയെ എന്നല്ല, വഴിപിരിഞ്ഞുപോയ മുഴുവൻ സഹോദരങ്ങളേയും ക്ഷണിക്കുകയാണ്. നിങ്ങൾക്ക് ക്ഷണം സ്വീകരിക്കാം. സ്വീകരിക്കാതിരിക്കാം.

**അബൂ നസ്വീഫ്, പറളി**

**തുടരും...**

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും. (നിസാഅ്:59)